**Rehabilitation Plantations Limited**
(A Joint Venture of Govt. of India & Govt. of Kerala)
Regd: Office: PUNALUR - 691 305, KOLLAM DIST., KERALA
An ISO - 9002 Company
ISO 9002
Telephone : Office: 222971, 222972, 222973, M. D. 222210. Telegrams: "REHAB" Fax: 0475-223866

## കാർ വാടകക്ക് ആവശ്യമുണ്ട്

കമ്പനിയുടെ (മാനേജിങ് ഡയറക്ടർ ടെ ) ആവശ്യത്തിലേക്കായി 31.12.2019 ന് ശേഷം കേരളത്തിൽ രജിസ്റ്റർ ചെയ്ത ആറു സീറ്റ് A/C മോഡൽ കാർ അർധവാർഷിക കരാർ അടിസ്ഥാനത്തിൽ മാസവാടകയ്ക്ക് എടുക്കുന്നതിന് ടാക്സി പെർമിറ്റുള്ള കാർ ഉടമകളിൽ നിന്ന് ദർഘാസ് ക്ഷണിക്കുന്നു. വിശദവിവരങ്ങൾ കമ്പനിയുടെ പുനലൂരുള്ള ഹെഡ് ഓഫീസിൽ നിന്നോ അല്ലെങ്കിൽ www.rplkerala.com എന്ന വെബ്സൈറ്റിൽ നിന്നോ ലഭിക്കുന്നതാണ് 26.09.2025 പകൽ 10.30 വരെ നിശ്ചിത തുക അടച്ച് വാങ്ങാവുന്നതാണ്. പൂരിപ്പിച്ച ദർഘാസുകൾ ലഭിക്കേണ്ട അവസാന തീയതി 26.09.2025 പകൽ 11.00 മണി വരെ. ദർഘാസുകൾ തുറക്കുന്നത് 12.30 PM ന് ആയിരിക്കും.

Sd/-

മാനേജിങ്ങ് ഡയറക്ടർ

RPL/COR/477/2023-24/ 1366 dtd.12.09.2025

# റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ് , പുനലൂർ

## ടെൻഡർ വ്യവസ്ഥകൾ

1. ദർഘാസുകൾ 26.09.2025. പകൽ 10.30 വരെ നിശ്ചിത തുക അടച്ച് പുനലൂരിലുള്ള റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ രജിസ്റ്റേർഡ് ഓഫീസിൽ നിന്നും വാങ്ങാവുന്നതാണ്. പൂരിപ്പിച്ച ദർഘാസുകൾ ലഭിക്കേണ്ട തീയതി 20.08.2025 പകൽ 11 മണി വരെയാണ്.
2. ടെൻഡറുകൾ 26.09.2025 പകൽ 12.30 ന് സന്നിഹിതരായിരിക്കുന്ന ടെൻഡറേഴ്സിന്റെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്കുകൾ കോട്ടു ചെയ്ത ടെണ്ടർ, വ്യവസ്ഥകൾക്ക് വിധേയമായി സ്വീകരിക്കുന്നതും ആയിരിക്കും.
3. ടെൻഡറിനോടൊപ്പം E.M.D ആയി 2500.00 രൂപ ഹെഡ്ഓഫീസിൽ അടച്ച രസീതും , എല്ലാ പേജിലും ഒപ്പിട്ട ദർഘാസ് വ്യവസ്ഥകളും നിരക്കുകൾ പൂരിപ്പിച്ച ദർഘാസും അടക്കം ചെയ്തിരിക്കേണ്ടതാണ്.
4. ടെൻഡർ ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം ടെൻഡറിൽ പറഞ്ഞിരിക്കുന്ന സ്ഥലത്തും സമയത്തും ടെൻഡർ നടത്തുന്നതാണ്.
5. വാഹനം 31.12.2019 ന് ശേഷമുള്ള ആറു സീറ്റ് , A/C വാഹനം ആയിരിക്കണം ( 1500 CC / മുകളിൽ കപ്പാസിറ്റി ഉള്ളത് ആയിരിക്കണം ). അത് പോലെ തന്നെ വാഹനത്തിന് നല്ല പ്രവർത്തനക്ഷമതയും ഉണ്ടായിരിക്കണം. വാഹന ഉടമ വാഹനത്തിന്റെ ടാക്സി പെർമിറ്റിന്റെ കോപ്പി, ആർ.സി.ബുക്കിന്റെ കോപ്പി, പുക പരിശോധനാ റിസൽട്ട്, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഇവ ടെൻഡറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. നിലവിൽ ടാക്സി പെർമിറ്റ് ഇല്ലായെങ്കിൽ കരാർ ഉടമ്പടിക്കു മുൻപായി ടാക്സി പെർമിറ്റ് എടുത്ത് അതിന്റെ കോപ്പി ഹാജരാക്കേണ്ടതാണ്.
6. വാഹനത്തിന് ആവശ്യമായ ഇന്ധനവും, റിപ്പയറിങ്ങും, സ്പെയർപാർട്ടുകളും മറ്റു കാര്യങ്ങളും കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ് .
7. ടെൻഡർ ഉറപ്പിച്ച് കഴിഞ്ഞ് വർക്ക് ഓർഡർ കിട്ടി 7 ദിവസത്തിനകം കരാറുകാരൻ 10000/- രൂപ പലിശരഹിത സെക്യൂരിറ്റിയായി അടച്ച് എഗ്രിമെന്റ് വയ്ക്കേണ്ടതാണ് അല്ലാത്ത പക്ഷം ടിയാൻ അടച്ച E.M.D കമ്പനിയിലേക്ക് കണ്ടുകെട്ടുന്നതാണ്.

8. എഗ്രിമെന്റ് കാലാവധി ഉടമ്പടി തീയതി മുതൽ ഒരു വർഷം ആയിരിക്കും. കമ്പനി ആവശ്യപ്പെടുന്ന പക്ഷം കരാർ കാലാവധി അതേ നിരക്കിലും വ്യവസ്ഥകളിലും നീട്ടാവുന്നതാണ്.
9. ടെൻഡറുകൾ സ്വീകരിക്കുന്നതിനും യാതൊരു കാരണവും കാണിക്കാതെ നിരാകരിക്കുന്നതിനും കമ്പനിക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കും.
10. ഏതെങ്കിലും കാരണവശാൽ കരാറുകാരന് വാഹനം നിശ്ചിത സമയത്ത് ഓടിക്കാൻ കഴിയാതെ വരുന്ന പക്ഷം ബദൽ സംവിധാനം കരാറുകാരൻ തന്നെ ഏർപ്പെടുത്തേണ്ടതും അതുമൂലമുണ്ടാകുന്ന സകലവിധ ചെലവുകളും കരാറുകാരൻ തന്നെ വഹിക്കേണ്ടതുമാണ്. തുടർച്ചയായി ഒരാഴ്ചയിൽ കൂടുതൽ വാഹനം ഓടിക്കാൻ കഴിയാതെ വന്നാൽ അത് കരാർ ലംഘനമായി കണക്കാക്കുന്നതും, കരാർ റദ്ദാക്കുന്നതും, Security Deposit തുക കമ്പനിയിലേക്ക് കണ്ടുകെട്ടുന്നതും കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ബദൽ സംവിധാനം ഏർപ്പെടുത്തുന്നതുമായിരിക്കും. ഇപ്രകാരം ഉണ്ടാകുന്ന നഷ്ടം ഈടാക്കുന്നതിനായി ആവശ്യമെങ്കിൽ റവന്യൂ റിക്കവറി/നിയമനടപടികൾ സ്വീകരിക്കുവാൻ കമ്പനിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
11. ടെൻഡറിൽ പറഞ്ഞിരിക്കുന്ന തുക അക്ഷരത്തിലും അക്കത്തിലും വ്യക്തമായി എഴുതിയിരിക്കണം. കരാറുകാരൻ വർക്ക് ഓർഡർ കൈപറ്റുന്നതോടെ കരാർ നിലവിൽ വരുന്നതായിരിക്കും.
12. കരാർ പിടിച്ച വ്യക്തി കാലാവധി തീരുന്നതിനു മുൻപ് കരാർ പിൻവലിക്കുകയോ, കരാറിൽ നിന്നും പിൻമാറുകയോ, എഗ്രിമെന്റ് നിശ്ചിത സമയപരിധിക്കുള്ളിൽ ഒപ്പിടാതിരിക്കുകയോ ചെയ്താൽ കരാറുകാരന്റെ Security Deposit തുക കമ്പനിയിലേക്ക് കണ്ടുകെട്ടുന്നതും കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ബദൽ സംവിധാനം ഏർപ്പെടുത്തുന്നതുമായിരിക്കും. ഇപ്രകാരം ഉണ്ടാകുന്ന നഷ്ടം പരസ്യകൂലി ഉൾപ്പെടെ ഈടാക്കുന്നതിനായി റവന്യൂ റിക്കവറി/നിയമനടപടികൾ സ്വീകരിക്കുവാൻ കമ്പനിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇപ്രകാരം ബദൽ സംവിധാനം ഏർപ്പെടുത്തുമ്പോൾ ചിലവാകുന്ന തുക കരാറുകാരന്റെ റേറ്റിലും താഴെയാണെങ്കിൽ പ്രസ്തുത തുകക്ക് കരാറുകാരന് അവകാശമുണ്ടായിരിക്കില്ല. കരാറിന്റെ കാലാവധിക്കുള്ളിൽ റേറ്റ് യാതൊരു കാരണവശാലും ഉയർത്തുന്നതുമായിരിക്കില്ല.
13. ശരിയായ രേഖകളില്ലാതെ സമർപ്പിക്കുന്ന ടെൻഡറുകൾ, അതായത് ആർ.സി. ബുക്കിന്റെ ശരിപകർപ്പ്, നിയമാനുസൃതമായ ടാക്സി പെർമിറ്റ് / വാഹനത്തിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, ഇൻഷ്വറൻസിന്റെ

കോപ്പി മുതലായവ ഇല്ലാതെ സമർപ്പിക്കുന്ന ടെൻഡറുകൾ നിരാകരിക്കുന്നതാണ്. മോട്ടോർ വാഹന നിയമവും ചട്ടങ്ങളും പാലിക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

14. PAN Card/Election Identity Card /Driving License /Passport/ Aadhar card ഇവയിൽ ഏതിന്റെ എങ്കിലും ഒരു കോപ്പി തിരിച്ചറിയലിനുവേണ്ടി ടെൻഡറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. വസ്തുവിന്റെ കരം അടച്ച രസീതിന്റെ കോപ്പി കൂടി ഹാജരാക്കേണ്ടതാണ്.
15. ഓരോ മാസവും കരാറുകാരൻ അതാതു മാസത്തെ ബില്ലുകൾ കോൺട്രാക്ടിൽ പറയുന്ന അധികാരികൾക്കു ലോഗ് ബുക്ക് സഹിതം സമർപ്പിക്കേണ്ടതാണ്. അതാതു സമയത്ത് ബാധകമായ നികുതികൾ കരാറുകാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും.
16. കരാറുകാരൻ യുക്തമായ കാരണം കൂടാതെ ഏതെങ്കിലും രീതിയിൽ കരാർ ലംഘിക്കുകയാണെങ്കിൽ ടി കരാറുകാരനെ കമ്പനിക്ക് യുക്തമെന്ന് തോന്നുന്ന കാലത്തേക്ക് കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതാണ്.
17. കരാറുകാരന്റെ വാഹനം മുഖേന അപകട മരണമോ, വാഹനത്തിന് കേടുപാടുകളോ സംഭവിച്ചാൽ അതിന് കമ്പനി യാതൊരു വിധത്തിലും ഉത്തരവാദി ആകുന്നതല്ല. മോട്ടോർ വാഹന നിയമമോ, മറ്റു നിലവിലുള്ള നിയമങ്ങൾ മൂലമോ, വരുന്ന യാതൊരുവിധ ക്ലെയിമുകളും കമ്പനി പരിഗണിക്കുന്നതല്ല. ഇവകളുടെ പൂർണ്ണ ഉത്തരവാദിത്വം കരാറുകാരനായിരിക്കും.
18. കരാറുകാരൻ തന്നെ വണ്ടിയുടെ ഡ്രൈവറെ നിയമിക്കേണ്ടതും, ഡ്രൈവറുടെ വേതനം പി. എഫ്, ഗ്രാറ്റുവിറ്റി മുതലായ നിലവിലുള്ള നിയമങ്ങൾക്ക് അനുസരണമായി നൽകേണ്ടതും, വാഹനത്തിന്റെ കാലാ കാലങ്ങളിലുള്ള ഇൻഷ്വറൻസ്, ടാക്സ് തുടങ്ങിയവ അടയ്ക്കേണ്ടതും കരാറുകാരന്റെ പൂർണ്ണ ഉത്തരവാദിത്വവുമാണ്.
19. കരാറുകാരൻ നിയമിക്കുന്ന ഡ്രൈവറുമായി കമ്പനിക്ക് ഏതു സമയത്തും ബന്ധപ്പെടാൻ മൊബൈൽ ഫോൺ സൗകര്യം ഉണ്ടായിരിക്കേണ്ടതും ആവശ്യമെങ്കിൽ കരാറുകാരന്റെ ചിലവിൽ തന്നെ നൽകേണ്ടതുമാണ്. കരാറുകാരൻ നിയമിക്കുന്ന ഡ്രൈവറുടെ പെരുമാറ്റവും പ്രവർത്തികളും കമ്പനിയ്ക്ക് തൃപ്തികരമല്ലെങ്കിൽ ഉടനടി ഡ്രൈവറെ മാറ്റിത്തരേണ്ടതാണ്.
20. ഏഴ് ദിവസത്തെ മുൻകൂർ നോട്ടീസ് നൽകി കമ്പനിക്ക് യുക്തമെന്ന് തോന്നുന്ന പക്ഷം ഉടമ്പടി റദ്ദാക്കാനുള്ള പൂർണ്ണ അധികാരം മാനേജിങ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

21. ഏതെങ്കിലും മാസം കരാറെടുത്ത വാഹനം 1000 KM തികച്ച് ഓടാതിരിക്കുകയാണെങ്കിൽ മിച്ചമുള്ള കിലോമീറ്ററുകൾ അടുത്ത മാസത്തിലേക്ക് കാരി ഓവർ ചെയ്യുന്നതായിരിക്കും. ഇപ്രകാരം പരമാവധി ആറുമാസം വരെ കാരി ഓവർ ചെയ്യുന്നതായിരിക്കും. കൂടാതെ വാഹനം ഏതെങ്കിലും മാസം 1000 കിലോമീറ്ററിൽ കൂടുതൽ ഓടുന്നപക്ഷം ടി അധിക കിലോമീറ്റർ തുടർന്നുവരുന്ന മാസങ്ങളിലേക്ക് കാരി ഓവർ ചെയ്യുന്നതായിരിക്കും.
22. കരാറുകാരൻ കമ്പനി ആവശ്യപ്പെടുന്ന ഏതു സമയത്തും അവധി ദിവസമുൾപ്പെടെ ഡ്രൈവർ സഹിതം വാഹനവുമായി യാത്രയ്ക്ക് തയ്യാറായി ഇരിക്കേണ്ടതാണ് . വാഹനം കമ്പനി ഹെഡ് ഓഫീസിൽ തന്നെ പാർക്ക് ചെയ്യേണ്ടതാണ് . യാത്രകൾ ഹെഡ് ഓഫീസിൽ നിന്ന് തുടങ്ങി ഹെഡ് ഓഫീസിൽ അവസാനിക്കും വിധത്തിൽ മാത്രമേ അനുവദിക്കുകയുള്ളൂ.

23. ഒരു ടെൻഡർ ഫോമിന്റെ വില ₹ 566/-**രൂപ** (₹ 480+18% GST ) ആയിരിയ്ക്കും.
24. കരാറുകാരൻ വാഹനത്തിന്റെ നമ്പർ പ്ലേറ്റുകളുടെ സമീപത്തായി **"ON CONTRACT WITH RPL"** **"ആർ.പി.എൽ-മായിട്ടുള്ള കരാറിൽ"** എന്ന ബോർഡ്" പ്രദർശിപ്പിക്കേണ്ടതാണ്.

Sd/-

മാനേജിങ് ഡയറക്ടർ